**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 123 — 09.03.2015-ൽ മറുപടിക്ക്

## ഡോ. മീനാകുമാരി റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഡോ.മീനാകുമാരി റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയേയും, മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെയും ഏതൊക്കെ വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. 200 മീ. മുതൽ 500 മീ. വരെ ആഴമുള്ള പ്രദേശം ഒരു "ബഫർ സോൺ" ആയി നിലനിർത്തുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുകയും വിദേശ ട്രോളറുകൾക്ക് ഗുണകരമാകാനും സാധ്യതയുണ്ട്. നിലവിലുള്ള മത്സ്യബന്ധന യാനങ്ങൾക്കു പുറമേ 240 tuna long liner ഉം 15 purse sciners 15 squid jigger ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ കൂടി EEZ -ൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള ശുപാർശയും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളെയും ദോഷകരമായി ബാധിക്കുന്നതാണ്. |
| (ബി) | ഡോ. മീനാകുമാരി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്രം നിയമനിർമ്മാണത്തിന് തുടക്കം കുറിച്ച കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽ വന്നിട്ടുണ്ട്. |
| (സി) | സംസ്ഥാന മത്സ്യബന്ധന മേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കും ഹാനികരമാവാത്തവിധമുള്ള നിയമനിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ വേണ്ടതു ചെയ്യുമോ ? | (സി) | ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഒന്നും തന്നെ നടപ്പിലാക്കരുത് എന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ